പ്ലാച്ചിമട-ട്രിബ്യൂണൽ ബിൽ

210 (899)ശ്രീ. എ. കെ. ബാലൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്ലാച്ചിമട കൊക്കൊക്കോള വിക്ടിംസ് റിലീഫ് ആൻഡ് കോമ്പൻസേഷൻ ക്ലെയിംസ് ട്രിബ്യൂണൽ ബിൽ പിൻവലിക്കാനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശം അംഗീകരിക്കുവാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; എന്തടിസ്ഥാനത്തിലാണ് ബിൽ പിൻവലിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടത്;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ നിയമോപദേശം തേടിയിരുന്നോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയം മടക്കിയ പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ബിൽ വീണ്ടും ബഹുമാനപ്പെട്ട ഗവർണർ മുഖാന്തരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായിചേർക്കുന്നു.* 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവന ചെയ്തിട്ടുള്ള നിയമങ്ങൾ തന്നെ ഇക്കാര്യത്തിൽ മതിയായതാണെന്ന കാരണത്താലാണ് ബിൽ തിരികെ അയച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 19-9-2015-ലെ 321/ലെഗ്എഫ്2/2011/നിയമം നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട ഗവർണർ മുഖേന പ്രതിഷേധം അറിയിച്ചിട്ടുണ്ട്.

(സി) കേരള അഡ്വക്കേറ്റ് ജനറലിൽ നിന്നും നിയമോപദേശം തേടിയിരുന്നു.

മാവേലിക്കര പാലം നിർമ്മാണം

211 (900) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര വഴുവാടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വഴുവാടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല എന്നാൽ വഴുവാടിക്കടവിന് സമീപം ഇടയ തീരസംരക്ഷണ ഭിത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ബാധകമല്ല.

മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി

212 (901) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി ആരംഭിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്നും പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly